# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3797** **23.08.2017-ൽ മറുപടിക്ക്**

**കൂടങ്കുളം പവർഹൈവെ വൈദ്യുതി ലൈൻ ടവർ നിർമ്മാണം**

| | ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് അവഗണിച്ച് കൂടങ്കുളം പവർ ഹൈവെ വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടവർ നിർമ്മാണം തുടരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്പോൾ വൈദ്യുതി ലൈൻ വലിക്കുന്നത് ജനവാസകേന്ദ്രത്തിലൂടെ ആയതിനാൽ ഒട്ടും ജനവാസമില്ലാത്ത സമാന്തര കേന്ദ്രത്തിലൂടെ ലൈൻ വലിക്കാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി കളക്ടറെ ചുമതലപ്പെടുത്തിയിരുന്നോ; | (ബി), (സി) & (ഡി) | ഒട്ടും ജനവാസമില്ലാത്ത സമാന്തര കേന്ദ്രത്തിലൂടെ ലൈൻ വലിക്കാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നല്കാൻ ഹൈക്കോടതി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കോടതിയിൽ കേസ് നിലനിൽക്കുന്ന സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചിരിക്കുകയാണ്. |
| (സി) | അതുവരെ 400 കെ.വി. പവർ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കോടതി നിർദ്ദേശമുണ്ടോ; | | |
| (ഡി) | എങ്കിൽ ഇപ്പോൾ നടത്തുന്ന പ്രവൃത്തി കോടതിയലക്ഷ്യ നടപടിയായി കാണേണ്ടിവരുമോ; അല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ